**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5336** **21-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യുടെ സ്ത്രീസുരക്ഷ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ സൂപ്പർ ക്ലാസ് ഉൾപ്പെടെയുള്ള ബസ്സുകൾ രാത്രികാലങ്ങളിൽ സ്ത്രീകൾ ഉൾപ്പെടെയുള്ള യാത്രക്കാർ ആവശ്യപ്പെടുന്ന പക്ഷം സ്റ്റോപ്പുകളിൽ നിർത്തികൊടുക്കുന്നതിന് വ്യവസ്ഥ ഉണ്ടോ എന്ന് അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. സൂപ്പർ ക്ലാസ് ബസ്സുകളടക്കം എല്ലാ ബസ്സുകളും രാത്രി സ്റ്റോപ്പുകളിൽ നിർത്തുന്നതാണ്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർ ഫാസ്റ്റ് ഉൾപ്പെടെയുള്ള സർവ്വീസുകൾ രാത്രി 08.00 മണി മുതൽ രാവിലെ 06.00 മണി വരെ സ്ത്രീകൾ, മുതിർന്ന പൗരന്മാർ, ഭിന്നശേഷി ഉള്ളവർ എന്നിവർ ആവശ്യപ്പെടുന്ന പക്ഷം സ്റ്റോപ്പ് അല്ലാത്ത സ്ഥലങ്ങളിലും നിർത്തികൊടുക്കുന്നതിനും വ്യവസ്ഥയുണ്ട്. |
| (ബി) | സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുണ്ട്. പ്രസ്തുത സീറ്റുകൾ വനിതാ യാത്രക്കാർക്ക് തന്നെ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ കണ്ടക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സ്ത്രീ സുരക്ഷ മുൻനിർത്തിയാണ് വനിതാ യാത്രക്കാർക്കുള്ള സീറ്റുകൾ ഡ്രൈവർ സീറ്റിന് തൊട്ട് പുറകിലായി ഇപ്രകാരം ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ വനിതാ കണ്ടക്ടർമാരുടെ സേവനവും കെ.എസ്.ആർ.ടി.സി. നൽകുന്നുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ഡിപ്പോകളിലും സ്ത്രീ സുരക്ഷയ്ക്കായി Anti harassment committee രൂപീകരിച്ചിട്ടുണ്ട്. |
| (സി) | രാത്രികാലങ്ങളിൽ സർവ്വീസ് നടത്തുന്ന ബസ്സുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; | (സി) | രാത്രികാലങ്ങളിൽ സർവ്വീസ് നടത്തുന്ന ബസ്സുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടില്ല. |
| (ഡി) | ഒറ്റപ്പെട്ട സ്ഥലങ്ങളിലേക്ക് രാത്രികാലങ്ങളിൽ കെ.എസ്.ആർ.ടി.സി. നടത്തിയിരുന്ന സർവ്വീസുകൾ കോവിഡ് വ്യാപനത്തിന് ശേഷം | (ഡി) | ഒറ്റപ്പെട്ട സ്ഥലങ്ങളിലേക്ക് രാത്രികാലങ്ങളിൽ നടത്തിയിരുന്ന സർവ്വീസുകളിൽ ചിലത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും യാത്രക്കാർ കുറവായതിനാലുമാണ് നിർത്തലാക്കിയതെങ്കിലും |

| | | | |
|---|---|---|---|
| | പുനഃസ്ഥാപിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | പ്രസ്തുത സർവ്വീസുകളുടെ ജനോപകാരപ്രദമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് സർവ്വീസ് നടത്തുന്നുണ്ട്. കടുത്ത നഷ്ടം സഹിച്ച് സർവ്വീസുകൾ നടത്തുവാൻ കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. ആയതിനാൽ ടി ട്രിപ്പുകൾ പുനഃസ്ഥാപിക്കുവാൻ കഴിയുന്നില്ല. |

സെക്ഷൻ ഓഫീസർ